REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 29-03-2025 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **രാഷ്ട്രപതി ദ്രൗപതി മുർമു ന്യൂഡൽഹിയിൽ ദേശീയ പരിസ്ഥിതി സമ്മേളനം ഇന്ന് ഉദ്ഘാടനം ചെയ്യും.**
- **ആറാമത് ബിംസ്റ്റെക് ഉച്ചകോടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദി ഏപ്രിൽ മൂന്നിന് തായ്‌ലൻഡിലേക്ക് പോകും.**
- **കേരളം ഉൾപ്പെടെ അഞ്ച് സംസ്ഥാനങ്ങളിലെ അഗ്നിസേനാ വിഭാഗത്തിന്റെ നവീകരണത്തിന് 1,604 കോടിയിൽ പരം രൂപയുടെ പദ്ധതികൾക്ക് കേന്ദ്രം അംഗീകാരം നൽകി.**
- **മയക്കുമരുന്ന് ഉപയോഗത്തിലൂടെ പത്ത് പേർക്ക് HIV ബാധിച്ച വളാഞ്ചേരിയിൽ ആരോഗ്യ വകുപ്പിന്റെ രക്തപരിശോധന ഇന്ന് തുടങ്ങും.**
- **ISL ഫുട്ബോൾ പ്ലേ ഓഫ് മത്സരങ്ങൾക്ക് ഇന്ന് തുടക്കമാകും.**

## വാർത്തകൾ വിശദമായി

രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് ന്യൂഡൽഹിയിൽ ദേശീയ പരിസ്ഥിതി സമ്മേളനം - 2025 ഉദ്ഘാടനം ചെയ്യും. ദേശീയ ഹരിത ട്രൈബ്യൂണലാണ് സമ്മേളനം സംഘടിപ്പിക്കുന്നത്.

ന്യൂസ്ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

........വോയ്സ്....

രണ്ട് ദിവസത്തെ പരിപാടിയിൽ പരിസ്ഥിതി- നയ രൂപീകരണ വിദഗ്ധരും, ഈ മേഖലയിലെ പ്രമുഖരും പങ്കെടുക്കും. പാരിസ്ഥിതിക പ്രശ്നങ്ങൾ ചർച്ച

ചെയ്ത് പ്രായോഗിക പരിഹാരങ്ങൾ രൂപപ്പെടുത്തുകയാണ് ലക്ഷ്യം. കാലാവസ്ഥാ വ്യതിയാനം, മലിനീകരണ നിയന്ത്രണം, ജൈവവൈവിധ്യ സംരക്ഷണം, സുസ്ഥിര വികസനം എന്നിവയുൾപ്പെടെ പരിസ്ഥിതി നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങൾ സമ്മേളനം ചർച്ച ചെയ്യും. ഇന്ത്യയിലേയും ലോകത്തേയും പാരിസ്ഥിതിക സുസ്ഥിരത ഉറപ്പാക്കാൻ അർത്ഥവത്തായ സംവാദമാണ് സമ്മേളനത്തിലൂടെ ലക്ഷ്യമിടുന്നത്.

✪✪✪

ആറാമത് ബിംസ്റ്റെക് ഉച്ചകോടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദി ഏപ്രിൽ മൂന്ന് മുതൽ രണ്ട് ദിവസം തായ്‌ലൻഡ് സന്ദർശിക്കും. പ്രധാനമന്ത്രിയുടെ മൂന്നാമത്തെ തായ്‌ലൻഡ് സന്ദർശനമാണിത്. ആസിയാനിലെ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയും, ഇന്ത്യയുടെ നാലാമത്തെ വലിയ വ്യാപാര പങ്കാളിയുമാണ് തായ്‌ലൻഡ്. ഇന്ത്യയ്ക്കും തായ്‌ലൻഡിനും ഇടയിൽ ചരിത്രപരവും ഊഷ്മളവുമായ ഉഭയകക്ഷി ബന്ധങ്ങളുണ്ടെന്ന് വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി.

✪✪✪

കേരളം ഉൾപ്പെടെ അഞ്ച് സംസ്ഥാനങ്ങളിലെ അഗ്നിസേനാ വിഭാഗത്തിന്റെ നവീകരണത്തിനും വികസനത്തിനും 1,604 കോടിയിൽ പരം രൂപയുടെ പദ്ധതികൾക്ക് കേന്ദ്രം അംഗീകാരം നൽകി. കേന്ദ്ര മന്ത്രി അമിത്ഷായുടെ അധ്യക്ഷതയിൽ ഡൽഹിയിൽ ചേർന്ന ഉന്നതതല യോഗത്തിലാണ് തീരുമാനം.

ഡെസ്ക് റിപ്പോർട്ട്....

.......വോയ്സ്.........

കേരളത്തിന് പുറമെ, മഹാരാഷ്ട്ര, ജാർഖണ്ഡ്, ഗുജറാത്ത്, ബിഹാർ സംസ്ഥാനങ്ങളിലെ പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചത്. ദുരന്തങ്ങൾ നേരിടാൻ 28 സംസ്ഥാനങ്ങൾക്ക് നടപ്പു സാമ്പത്തിക വർഷം 19,000 കോടിയിൽ പരം രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലേക്കും 3,229 കോടിയിലേറെ രൂപ സംസ്ഥാന ദുരന്ത ലഘൂകരണ നിധിയിലേക്കും നൽകിയിട്ടുണ്ടെന്ന് ആഭ്യന്തരമന്ത്രാലയം യോഗത്തിൽ അറിയിച്ചു. 2023 ഒക്ടോബറിൽ സിക്കിമിലെ മഞ്ഞ് തടാകം പൊട്ടിയൊലിച്ചുണ്ടായ പ്രളയത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് 555 കോടി രൂപയും അനുവദിച്ചു.

✪✪✪

മെയ് ഒന്ന് മുതൽ ATM ൽ നിന്ന് അഞ്ച് തവണയിൽ കൂടുതൽ പണം പിൻവലിക്കുമ്പോൾ ഈടാക്കുന്ന ഫീസ് രണ്ട് രൂപ വർദ്ധിപ്പിക്കാൻ ബാങ്കുകൾക്ക് RBI അനുമതി നൽകി. ഇതോടെ ഓരോ ഇടപാടിനും 23 രൂപ സർവീസ് ചാർജ് ഈടാക്കും. നിലവിൽ ഇത് 21 രൂപയായിരുന്നു.

✪✪✪

വീട്ടിൽ നിന്ന് കത്തിയ നിലയിൽ നോട്ടുകെട്ടുകൾ കണ്ടെടുത്ത സംഭവത്തിൽ ആരോപണ വിധേയനായ ഡൽഹി ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് യശ്വന്ത് വർമയെ അലഹബാദ് ഹൈക്കോടതിയിലേക്ക് മാറ്റി നിയമിക്കൻ കേന്ദ്ര ഗവൺമെന്റ് വിജ്ഞാപനം പുറപ്പെടുവിപ്പിച്ചു. സുപ്രീംകോടതി കൊളീജിയത്തിന്റെ ശുപാർശ പ്രകാരമാണ് നടപടി. എന്നാൽ ജസ്റ്റിസ് വർമ്മയ്ക്ക് ജുഡീഷ്യൽ ചുമതലകൾ നൽകരുതെന്ന് സുപ്രീം കോടതി അലഹബാദ് ഹൈക്കോടതി ചീഫ് ജസ്റ്റിസിന് നിർദേശം നൽകിയിട്ടുണ്ട്.

✪✪✪

റംസാന് മുന്നോടിയായി ഐക്യ അറബി എമിറേറ്റ്സ് 500 ഇന്ത്യൻ തടവുകാർക്ക് മാപ്പ് നൽകി. കഴിഞ്ഞ വർഷം റംസാനും UAE ദേശീയ ദിനവും മുൻനിർത്തി 944 തടവുകാരെയാണ് മോചിപ്പിച്ചത്. ഇന്ത്യക്കും UAE യ്ക്കുമിടയിലെ ശക്തമായ ഉഭയകക്ഷി ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് നടപടിയെന്ന് വിലയിരുത്തുന്നു.

✪✪✪

മ്യാൻമറിലുണ്ടായ ഭൂചലനത്തിൽ മരിച്ചവരുടെ എണ്ണം 150 കടന്നു. കെട്ടിടവശിഷ്ടങ്ങൾക്കുള്ളിൽ കുടുങ്ങി കിടക്കുന്നവർക്കായി ഇപ്പോഴും തിരച്ചിൽ തുടരുകയാണ്. ദുരിത ബാധിതർക്ക് സഹായമായി ഇന്ത്യ 15 ടൺ അവശ്യ വസ്തുക്കൾ മ്യാൻമറിലേക്കയച്ചു. സഹായം എത്തിക്കുന്നതിനായി ഹിൻഡൺ വ്യോമസേനാ സ്റ്റേഷനിൽ നിന്ന് ഇന്ത്യൻ വ്യോമസേനയുടെ C-130-J വിമാനം യാത്ര തിരിച്ചിട്ടുണ്ട്.

✪✪✪

സംസ്ഥാനത്തെ മികച്ച വാണിജ്യ വ്യവസായ സ്ഥാപനങ്ങൾക്ക് മുഖ്യമന്ത്രിയുടെ എക്സലൻസ് അവാർഡ് മന്ത്രി V ശിവൻകുട്ടി രാവിലെ തിരുവനന്തപുരത്ത് സമ്മാനിക്കും. 13 മേഖലകളിലെ മികച്ച സ്ഥാപനങ്ങൾക്കാണ് അവാർഡ് നൽകുന്നത്.

✪✪✪

അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്ന കോഴിക്കോട് റയിൽവേ സ്റ്റേഷന്റെ വികസന പ്രവർത്തനങ്ങൾ കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ഇന്ന് വിലയിരുത്തും. വൈകിട്ട് കിർത്താഡ്സിന്റെ നെർദ്ധി ഗോത്ര സാഹിത്യോത്സവത്തിന്റെ സമാപന ചടങ്ങിലും അദ്ദേഹം പങ്കെടുക്കും. MK രാഘവൻ MPയും പരിപാടിയിൽ പങ്കെടുക്കും.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ നാലാം വാർഷിക ആഘോഷങ്ങളുടെ ഭാഗമായി ഏപ്രിൽ 21 മുതൽ 27 വരെ സംഘടിപ്പിക്കുന്ന എന്റെ കേരളം പ്രദർശന വിപണന മേളയുടെ സംസ്ഥാന തല ഉദ്ഘാടനം കാസർകോട് പിലിക്കോട് കാലിക്കടവ് മൈതാനത്ത് നടത്തും.

പരിപാടിയുടെ പ്രാദേശിക സംഘാടകസമിതിയോഗം M രാജഗോപാലൻ MLA ഉദ്ഘാടനം ചെയ്തു.

ആകാശവാണി കാസർകോട് ജില്ലാ പ്രതിനിധി P ജഗന്നിവാസന്റെ റിപ്പോർട്ട്.

........വോയ്സ്.....

✪✪✪

ISL ഫുട്ബോൾ പ്ലേ ഓഫ് മത്സരങ്ങൾക്ക് ഇന്ന് തുടക്കമാകും. ആദ്യ പ്ലേ ഓഫിൽ രാത്രി 7.30 ന് ബെംഗളൂരു, മുംബൈ സിറ്റിയെ നേരിടും. അടുത്തമാസം 12 നാണ് ഫൈനൽ.

✪✪✪

ചെന്നൈയിൽ IPL ക്രിക്കറ്റിൽ റോയൽ ചാലഞ്ചേഴ്സ് ബംഗളുരു ചെന്നൈ സൂപ്പർ കിംഗ്സിനെ 50 റൺസിന് പരാജയപ്പെടുത്തി. ഇന്ന് വൈകിട്ട് ഏഴരക്ക് അഹമ്മദാബാദിൽ ഗുജറാത്ത് ടൈറ്റൻസ് മുംബൈ ഇന്ത്യൻസിനെ നേരിടും.

✪✪✪

ഏഷ്യൻ ഗുസ്തി ചാമ്പ്യൻഷിപ്പിൽ ഇന്ത്യൻ വനിതാതാരം മനീഷാ ഭൻവാല രാജ്യത്തിന് വേണ്ടി ആദ്യ സ്വർണം നേടി. ജോർദാനിലെ അമാനിൽ മറ്റൊരു വനിതാതാരം ആന്റിം പൻങ്കൽ വെങ്കലവും നേടിയിട്ടുണ്ട്. പുരുഷ വിഭാഗം ഫ്രീസ്റ്റൈൽ മത്സരങ്ങൾ ഇന്ന് തുടങ്ങും.

✪✪✪

മയക്ക് മരുന്ന് കുത്തിവച്ചതിലൂടെ പത്ത് പേർക്ക് HIV ബാധിച്ച വളാഞ്ചേരിയിൽ ആരോഗ്യ വകുപ്പ് ഇന്ന് രക്തപരിശോധന തുടങ്ങും. ആദ്യഘട്ടത്തിൽ അതിഥി തൊഴിലാളികളുടെ രക്തമാണ് പരിശോധിക്കുന്നത്. HIV സ്ഥിരീകരിച്ച പത്ത്

പേരിൽ ഒരാൾ മാത്രമാണ് വളാഞ്ചേരി സ്വദേശിയെന്നും, ശേഷിക്കുന്നവർ പലയിടത്തുനിന്നും ലഹരി ഉപയോഗത്തിന് വളാഞ്ചേരിയിൽ എത്തിയവരാണെന്നും നഗരസഭ ചെയർമാൻ പറഞ്ഞു. ലഹരിക്കെതിരെ ബോധവത്ക്കരണം ശക്തമാക്കുമെന്നും ചെയർമാൻ പറഞ്ഞു.

✪✪✪

സംസ്ഥാനത്തെ ആശമാരുടെ സെക്രട്ടറിയേറ്റിന് മുന്നിലെ സമരം നാൽപത്തിയെട്ടാം ദിവസത്തിലേക്ക് കടന്നു. സെക്രട്ടറിയേറ്റിന് മുന്നിൽ ആശമാർ നടത്തുന്ന നിരാഹാര സമരവും തുടരുകയാണ്.

✪✪✪

ഗവൺമെന്റും പ്രതിപക്ഷവും ആശാപ്രവർത്തകരെ വഞ്ചിച്ചെന്ന് BJP സംസ്ഥാന വൈസ് പ്രസിഡന്റ് ശോഭാ സുരേന്ദ്രൻ കുറ്റപ്പെടുത്തി. മുഖ്യമന്ത്രി എന്തുകൊണ്ടാണ് പ്രശ്നത്തിൽ ഇടപെട്ട് ചർച്ചയ്ക്ക് തയ്യാറാകാത്തതെന്ന് ശോഭ സുരേന്ദ്രൻ ചോദിച്ചു. സെക്രട്ടറിയേറ്റിന് മുന്നിൽ ആശാപ്രവർത്തകരുടെ സമര പന്തലിൽ എത്തിയശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അവർ.

✪✪✪

സെക്രട്ടറിയേറ്റ് ഉപരോധ സമരത്തിൽ പങ്കെടുത്ത ആലപ്പുഴയിലെ ആശാപ്രവർത്തകരുടെ ഒരു മാസത്തെ ഓണറേറിയം തടഞ്ഞ സംഭവം അധികാരത്തിന്റെ ധാർഷ്ട്യമാണെന്ന് AICC ജനറൽ സെക്രട്ടറി KC വേണുഗോപാൽ കുറ്റപ്പെടുത്തി. തരം താഴ്ന്നതും ക്രൂരവുമായ പ്രതികാര നടപടിയാണിതെന്ന് വേണുഗോപാൽ വാർത്താകുറിപ്പിൽ അറിയിച്ചു.

✪✪✪

BJP കോർ യോഗത്തിൽ എമ്പുരാൻ സിനിമയെപറ്റി ചർച്ച നടത്തിയെന്ന മാധ്യമ വാർത്തകൾ സത്യവിരുദ്ധമാണെന്ന് BJP സംസ്ഥാന ജനറൽ സെക്രട്ടറി P സുധീർ അറിയിച്ചു. ഈ വാർത്ത മാധ്യമങ്ങൾ പിൻവലിക്കണമെന്ന് BJP അഭ്യർത്ഥിക്കുന്നതായി സുധീർ പറഞ്ഞു.

✪✪✪

മധ്യവേനൽ അവധിക്കായി സംസ്ഥാനത്തെ സ്കൂളുകൾ ഇന്ന് അടയ്ക്കും. SSLC പരീക്ഷ 26 നു അവസാനിച്ചിരുന്നു. ഇന്നത്തെ ഒന്നാം വർഷ ഇംഗ്ലീഷ് പരീക്ഷയോടെ ഹയർ സെക്കണ്ടറി പരീക്ഷകൾക്കും സമാപനമാകും. പരീക്ഷയുടെ അവസാന ദിവസത്തെ കുട്ടികളുടെ ആഘോഷങ്ങൾ പൊതു വിദ്യാഭ്യാസ വകുപ്പ് വിലക്കിയിട്ടുണ്ട്.

✪✪✪

വേനലവധിക്കാലത്തെ തിരക്ക് ഒഴിവാക്കാൻ നാല് ട്രെയിനുകളിൽ അധിക കോച്ചുകൾ അനുവദിച്ചതായി ദക്ഷിണ റെയിൽവേ അറിയിച്ചു. തിരുവനന്തപുരം - മംഗളുരു - തിരുവനന്തപുരം മാവേലി എക്സ്പ്രസ്സിന് അടുത്തമാസം 5,6,7,13,14 തിയ്യതികളിലും, തിരുവനന്തപുരം - മംഗളുരു - തിരുവനന്തപുരം മലബാർ എക്സ്പ്രസ്സിന് 3,4,5,6,7,13,14 തിയ്യതികളുമാണ് അധിക സ്ലീപ്പർ ക്ലാസ് കോച്ചുകൾ അനുവദിച്ചത്.

✪✪✪

ഏഴിമല നാവിക അക്കാദമിയിലെ കോസ്റ്റ് ഗാർഡ് ട്രെയ്നി ഓഫീസർ R രബിജിത്ത് പരിശീലനത്തിനിടെ കുഴഞ്ഞുവീണ് മരിച്ചു. മാഹി പള്ളൂർ സ്വദേശിയാണ് 24 കാരനായ രബിജിത്ത്.

✪✪✪

കലാ-സാസ്കാരിക പ്രവർത്തനങ്ങളിലാണ് നാടിന്റെ പൈതൃകത്തിന്റെ കാതലെന്ന് മന്ത്രി KN ബാലഗോപാൽ പറഞ്ഞു. കൊട്ടാരക്കര ആർട്സ് ഫെസ്റ്റ് - വാദ്യഘോഷം 2025 - സാസ്കാരിക സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

തൃശൂർ പൂരം വെടിക്കെട്ടിന് സ്ഫോടക വസ്തു നിയമ ഭേദഗതിപ്രകാരം ഇളവ് നൽകുന്ന കാര്യത്തിൽ കേന്ദ്രം ഇതുവരെ തീരുമാനം ഉണ്ടായിട്ടില്ലെന്ന് പാറമേക്കാവ് ദേവസ്വം അറിയിച്ചു. ഇളവ് ആവശ്യപ്പെട്ട് ദേവസ്വങ്ങൾ കേന്ദ്രത്തെ സമീപിച്ചെങ്കിലും തീരുമാനം വൈകുകയാണെന്ന് ദേവസ്വം സെക്രട്ടറി G രാജേഷ് പറഞ്ഞു.

✪✪✪

ഭിന്നശേഷിക്കാർക്കായി പ്രവർത്തിക്കുന്ന കോഴിക്കോട്ടെ കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ CRC ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ സന്ദർശിച്ചു.

ചേവായൂരിലെ കിർത്താഡ്സ് ക്യാമ്പസിൽ ഗോത്ര സാഹിത്യോത്സവത്തിൽ ഓപ്പൺ ഫോറത്തിലും ചീഫ് സെക്രട്ടറി പങ്കെടുത്തു.

✪✪✪

*News Reader: അനിൽ ചന്ദ്രൻ*
*News Team:, സബിത ആനന്ദ്, രജിന കെ*
*DEO: സുബോധ് സി കെ*